പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ :3527

14.03.2017-ൽ
മറുപടിക്ക്

## പോലീസ് വകുപ്പിൽ കമ്പ്യൂട്ടർ ട്രെയിനിംഗ്

ചോദ്യം

**ശ്രീ.കെ.എസ്.ശബരീനാഥൻ**

(എ) പോലീസ് വകുപ്പിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് നടത്തുന്നതിലേക്കായി എങ്ങനെയാണ് നിയമനം നടത്തുന്നത്; ഇവർക്കുള്ള സാങ്കേതിക യോഗ്യത എന്താണ്; ഇതിനായി അപേക്ഷ വിളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരിൽ നിന്നും എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ;

(ബി) നിലവിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് നടത്തുന്നവർ കഴിഞ്ഞ കാലങ്ങളിൽ എവിടെയാണ് ജോലി നോക്കിയിരുന്നത്; ഇവർക്ക് ഇതുമായി ബന്ധപ്പെട്ട് മുൻകാല പരിചയം ഉള്ളവരാണോ;

(സി) കമ്പ്യൂട്ടർ ട്രെയിനിംഗ് നടത്തുന്നവർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നുണ്ടോ; എങ്കിൽ ഇരട്ട ശമ്പളവും മറ്റും കൈപ്പറ്റിയത് ചട്ട വിരുദ്ധമായതിനാൽ ഈ തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ പിടിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുമോ;

(ഡി) പോലീസ് കമ്പ്യൂട്ടർ ട്രെയിനിംഗ് വിഭാഗത്തിലെ ട്രെയിനർമാരിൽ നിന്നും ട്രെയിനിംഗിനെത്തിയ വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവർ സദാചാര പോലീസിംഗിന് വിധേയമായി എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇത്തരം പരാതികളിലും സാമൂഹ്യ മാധ്യമങ്ങളിൽ വന്ന വാർത്തകളിന്മേലും എന്ത് നടപടി സ്വീകരിച്ചു വിശദമാക്കാമോ?

മറുപടി

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) കമ്പ്യൂട്ടർ പരിശീലനം നടത്തുന്നതിന് ട്രെയിനർമാരായി പോലീസ് സർവ്വീസിൽ നിന്നും സാങ്കേതിക പരിജ്ഞാനം ഉള്ളവരെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത മേഖലയിൽ അടിസ്ഥാന യോഗ്യതയുള്ള പോലീസ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്ത് അവർക്ക് Trainer of Trainers course നൽകിയ ശേഷമാണ് പരിശീലകരായി നിയമിച്ചിട്ടുള്ളത്.

(ബി) ട്രെയിനർമാരുടെ സ്വന്തം യൂണിറ്റിലെ കമ്പ്യൂട്ടർ സെല്ലുകളിലോ Law & Order duty-ൽ ആയിരുന്നവരെയോ ആണ് കമ്പ്യൂട്ടർ പരിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് പരിശീലകരാക്കിയിട്ടുള്ളത്.

(സി) കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി പ്രത്യേക ശമ്പളമോ അലവൻസുകളോ നൽകുന്നില്ല. എന്നാൽ പോലീസ് ട്രെയിനിംഗ് കോളേജിലും, കേരള പോലീസ് അക്കാഡമിയിലും പ്രവർത്തിയെടുത്തു വരുന്ന പരിശീലകർക്ക് ട്രെയിനിംഗ് അലവൻസ് നൽകി വരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ